# ജീവകാരുണ്യ പ്രവർത്തനത്തിനിടയിലെ ശവം തീനികൾ

**എം.വി. കുഞ്ഞുകുഞ്ഞ്**

**കേ**രളത്തിലെ റോഡുകളിൽ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന റോഡപകടങ്ങൾ മനുഷ്യരെ ഭയപ്പെടുത്തുകയാണ്. ഗതാഗത ബാഹുല്യം അനുസരിച്ച് നമ്മുടെ റോഡുകൾ വർദ്ധിക്കുകയോ കുറ്റമറ്റത് ആവുകയോ ചെയ്തിട്ടില്ല. നാഷണൽ റോഡുകളിലും മെയിൻ റോഡുകളിലും കാണപ്പെടുന്ന ചേനക്കുഴികൾ അപകടങ്ങൾ വരുത്തിവയ്ക്കുന്നു. ഡ്രൈവറുടെ അശ്രദ്ധ, മത്സരഓട്ടം, മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിംഗ്, ബൈക്കുകളിൽ കയറി തുമ്പികണക്കേ ചെത്തി പായുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ ഇങ്ങനെ എത്രയോ വില പ്പെട്ട മനുഷ്യ ജീവനാണ് അകാലങ്ങളിൽ മരണത്തിന്റെ മടിയിലേക്ക് മറിഞ്ഞുവീണുകൊണ്ടിരിക്കുന്നത്.

അപകട സ്ഥിതിയിലേക്ക് കണ്ണോടിച്ച് കഴിഞ്ഞാൽ പിന്നീടുള്ളത് അപകടത്തിൽപ്പെട്ടവരെ രക്ഷിക്കുക എന്നതാണ്. ഇതിന് ജാഗ്രത പുലർത്തേണ്ടത് അപകട വാഹനത്തിന് മുമ്പുള്ളതോ പുറകിലുള്ളതോ ആയ വാഹനങ്ങൾ ഓടിക്കുന്നവരോ പരിസരവാസികളോ ആണ്. യഥാസമയം പോലീസിനെയോ ഫയർ ഫോഴ്സിനെയോ അറിയിക്കുക. അപകടത്തിൽപ്പെട്ട മനുഷ്യരെ ചോരവാർന്ന് പോകുന്നതിന് മുമ്പ് തൊട്ടടുത്തുള്ള ആശുപത്രികളിൽ എത്തിക്കുക എന്നതാണ്. പോലീസ് സ്റ്റേഷന്റെ അതിർത്തിയെ സംബന്ധിച്ചും ട്രാഫിക് പോലീസെന്നും ലോക്കൽ പോലീസെന്നും പറഞ്ഞുള്ള തർക്കം കൊണ്ടുണ്ടായിട്ടുള്ള മരണസംഖ്യ ഞെട്ടിപ്പിക്കുന്നതാണ്.

റോഡ് അപകടങ്ങളിൽപ്പെട്ടവരെ തത്സമയം ആശുപത്രികളിൽ എത്തിച്ച് ചികിത്സാ സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുകയും ബന്ധുക്കളെ വിവരം അറിയിക്കുകയും മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന സന്നദ്ധ സംഘടനകൾ പ്രാധാന്യമർഹിക്കുന്നു. ഇതിന് ഒരു ഉദാഹരണമാണ് ചാലക്കുടിയിൽ പ്രവർത്തിക്കുന്ന ജീവൻ രക്ഷാ വേദി. ഇതിന്റെ സ്ഥാപക പ്രസിഡന്റായിട്ടുള്ള ഇ.ജി. ഗോപാലകൃഷ്ണന്റെ ഒന്നര കൊല്ലത്തെ പ്രവർത്തനത്തിൽ 250 ഓളം റോഡ് അപകട കേസുകളിൽ മനുഷ്യരെ രക്ഷിക്കുവാൻ കഴിഞ്ഞു.

ഇങ്ങനെ പ്രവർത്തിക്കുന്നവർക്ക് പോലീസ് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ ചില്ലറയല്ല. ഡിസംബർ നാലിന് തൃശൂർ ഹാർട്ട് ഹോസ്പിറ്റലിൽ പബ്ലിക് റിലേഷൻ സൊസൈറ്റി ഓഫ് ഇന്ത്യാ തൃശൂർ ചാപ്റ്റർ നടത്തിയ ആക്സിഡന്റ് കെയർ വർക്ക് ഷോപ്പിൽ ഉദ്ഘാടനം നിർവഹിച്ച് ജീവൻ രക്ഷാ വേദി പ്രസിഡന്റ് ഇ.ജി. ഗോപാലകൃഷ്ണൻ സൂചിപ്പിച്ച വസ്തുതകൾ പ്രധാനമാണ്. ആർ.ടി.ഒ., പോലീസ് ഉദ്യോഗസ്ഥർ, ട്രാഫിക് മേലധികാരികൾ, ഇരുനൂറോളം ഡ്രൈവർമാർ തുടങ്ങി നിരവധി പേർ യോഗത്തിൽ പങ്കെടുത്തു. കാര്യങ്ങൾ ഒന്നും ഉദ്യോഗസ്ഥന്മാർക്ക് നിഷേധിക്കാനായില്ല. എം.എ.സി.ടി. ക്ലെയിമിന് ആവശ്യമുള്ള എഫ്.ഐ.ആർ., ചാർജ് ഷീറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, സീൻ മഹസർ, വണ്ടി ടെസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുവാൻ ആറു മാസത്തിൽ കൂടുതൽ കാത്തിരിക്കേണ്ടതില്ല എന്നാണ് 1988 മുതലുള്ള നിയമം. ഇത്രയും രേഖകൾ 10 രൂപ ചലാൻ അടച്ചാൽ ഏഴു ദിവസത്തിനുള്ളിൽ നില്കുവാൻ നിയമം അനുശാസിക്കുന്നു. എന്നാൽ അതു കിട്ടാൻ, എല്ലു പൊട്ടിയ കേസിന് 1000 വും മരിച്ച കേസിന് 2000 ഉം മദ്യവും വാങ്ങിക്കൊടുത്ത് ദല്ലാളന്മാർ കേസുകൾ വക്കീലന്മാർക്ക് കൈമാറുന്നു. പോലീസ് രേഖകൾ കൃത്യസമയത്ത് ലഭിച്ചാൽ വക്കീലിന് 500 രൂപ നല്കിയാൽ അപകടം സംഭവിച്ചവർക്കും അവകാശികൾക്കും ഇൻഷ്വറൻസ് സംഖ്യ ലഭിക്കുമെന്നാണ് നിയമം.

അപകടത്തിൽപ്പെട്ട വണ്ടി ടെസ്റ്റ് ചെയ്യുന്നതിന് ആർ.ടി.ഒ. ഓഫീസിൽ അറിയിച്ചാൽ അവിടെ കാര്യങ്ങൾ കൂടുതൽ ദയനീയമാണ്. അപകടത്തിൽപ്പെട്ട വണ്ടിയുടെ ആർ.ഡി.ഒ. ഓർഡർക്കോ, വണ്ടി ഓടിച്ച വ്യക്തിക്കോ, അപകടത്തിൽ വിധേയരായവർക്കോ, സംഭവസ്ഥലത്ത് ഏതെങ്കിലും വസ്തുവകകൾക്ക് നഷ്ടം സംഭവിച്ചവർക്കോ ആർക്കും പരാതി ഇല്ലെങ്കിലും തങ്ങൾക്ക് പരാതി ഉണ്ടെന്നാണ് ഉദ്യോഗസ്ഥരുടെ ഭാഷ്യം.

അപകടത്തിൽപ്പെട്ട് മരിച്ച വ്യക്തികളുടെ കൈവിരൽ അടയാളമെടുത്ത് വക്കാലത്ത് എടുക്കുന്ന വക്കീൽശ്രേഷ്ഠന്മാരും ഉണ്ടെന്നാണ് പ്രസംഗത്തിൽ പറഞ്ഞത്. സർക്കിൾ ഇൻസ്പെക്ടർക്കോ, സബ് ഇൻസ്പെക്ടർക്കോ പങ്കാളിത്തമില്ലാത്ത ഈ പ്രവൃത്തികൾ വക്കീൽ ദല്ലാളന്മാരുടെ ഒത്താശയോടെയാണ് കീഴ് ഉദ്യോഗസ്ഥന്മാർ ചെയ്യുന്നത് എന്ന് ചർച്ചയിൽ പൊന്തിവന്നു.

അപകടത്തിൽപ്പെട്ടവർ അത്യാഹിത വിഭാഗത്തിൽ ഡോക്ടറുടെ പരിചരണത്തിൽ ഇരിക്കുമ്പോൾ മൊബൈൽ ഫോണും കയ്യിൽ പിടിച്ച് കാലു ഒടിഞ്ഞിട്ടുണ്ടോ, കൈ ഒടിഞ്ഞിട്ടുണ്ടോ, വാരി എല്ല് ഒടിഞ്ഞിട്ടുണ്ടോ, തലയോട് പൊട്ടിയിട്ടുണ്ടോ എന്നു ചോദിച്ച് ഇവർ കയറിച്ചെല്ലുന്നു. ആശുപത്രി മേശയിൽ ജീവനു വേണ്ടി പിടയുന്ന മനുഷ്യന് ചികിത്സയ്ക്ക് ചില കരാറിന്റെ അടിസ്ഥാനത്തിൽ ആദ്യ പറ്റ് സംഖ്യ നല്കിക്കൊണ്ട് കേസിന്റെ ചുമതല ഏറ്റെടുക്കുന്നു. അതിനുശേഷം രോഗിയുടെ ലോക്കൽ ഗാർഡിയനായി പോലീസ് സ്റ്റേഷനുകളിലും ആശുപത്രികളിലും തൊപ്പിയില്ലാ പോലീസായി മാറുന്നു. നിയമപുസ്തകത്തിലെ സ്ഥിരം വകുപ്പുകൾ പറഞ്ഞു വക്കീലിന്റെ പരിവേഷവും അണിഞ്ഞു കേസിനു വേണ്ട രേഖകൾ ചമച്ചുണ്ടാക്കുന്നു. ഒടിയാത്ത ഭാഗങ്ങൾ ഒടിഞ്ഞതായും സംഭവസ്ഥലത്ത് സാക്ഷികൾ ഇല്ലാത്തിടത്ത് സാക്ഷികളെ ഉണ്ടാക്കിയും ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് ലഭിക്കുന്ന അധികസംഖ്യയുടെ തോതിന്റെ അനുപാതത്തിൽ കമ്മീഷൻ ഉറപ്പിച്ച് വക്കീലിന് കേസ് കൈമാറ്റം ചെയ്തുകൊടുക്കുന്നു. കേസിന്റെ അവസാന തീർപ്പിൽ ലഭിക്കുന്ന ഇൻഷ്വറൻസ് സംഖ്യയുടെ പത്തു ശതമാനം ചികിത്സാ ചെലവിന് അഡ്വാൻസ് നൽകി ആയതിന് പലിശ സംഖ്യ ഉറപ്പു വരുത്തുന്നു.

ഇത്തരം ഏജന്റുമാരെ നിയന്ത്രിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.